**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 155** **01-09-2022 - ൽ മറുപടിയ്ക്ക്**

**സൈബർ സുരക്ഷക്കായുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്ത്രീകളും കുട്ടികളും സൈബർ ചതിക്കുഴികളിൽ അധികമായി അകപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഗൗരവം കണക്കിലെടുത്ത് ഇവ തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികളെന്തെല്ലാമെന്ന് അറിയിക്കാമോ; കുട്ടികളിൽ സൈബർ സുരക്ഷാ ബോധവത്ക്കരണം നടത്തുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | സ്ത്രീകളും കുട്ടികളും പല വിധത്തിലുള്ള സൈബർ ചതിക്കുഴികളിൽ പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നൂതന സാങ്കേതികവിദ്യകൾ ഉപയോഗ പ്പെടുത്തി സൈബർ ലോകത്ത് കുട്ടികളെയും സ്ത്രീകളെയും ചൂഷണം ചെയ്യാൻ സാധ്യതയുള്ള ഇടങ്ങളിൽ സൈബർ പട്രോളിംഗ് നടത്തി കുറ്റവാളികളെ കണ്ടെത്തുന്നതിനും, അവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനുമുള്ള ശക്തമായ പ്രവർത്തനങ്ങളാണ് പോലീസ് തിരുവനന്തപുരത്തും എറണാകുളത്തും കോഴിക്കോടും സൈബർ ഡോമുകളുടെ നേതൃത്വത്തിൽ നടത്തി വരുന്നത്.<br><br>ഇത്തരം കുറ്റകൃത്യങ്ങൾക്കെതിരെയുള്ള നടപടികൾക്കായി കണ്ണൂർ റൂറൽ ജില്ല ഒഴികെയുള്ള 19 പോലീസ് ജില്ലകളിലും സൈബർ പോലീസ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. കണ്ണൂർ റൂറൽ ജില്ലയിൽ കൂടി പുതിയ സൈബർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.<br><br>കുട്ടികളുടെ അശ്ലീല ചിത്രങ്ങൾ കാണുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നവർക്കെതിരെയുള്ള പരിശോധന നടത്തുന്നതിന് പോലീസ് ഓപ്പറേഷൻ പി-ഹണ്ട് എന്ന പേരിലുള്ള വ്യാപകമായ പരിശോധനയാണ് നടത്തി വരുന്നത്.<br><br>ഡാർക്ക് വെബിലെ നിഗൂഢതകൾ നീക്കുന്നതിനും കുറ്റകൃത്യങ്ങൾ വിശകലനം ചെയ്യുന്നതിനുമായി സംസ്ഥാന പോലീസ് Granpel 1.0 എന്ന സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുത്തിട്ടുണ്ട്.<br><br>ഡാർക്ക് വെബിലൂടെ നടക്കുന്ന ലൈംഗിക വ്യാപാരം, മയക്കു മരുന്ന് കച്ചവടം, ആയുധ വ്യാപാരം, |

സാമ്പത്തിക തട്ടിപ്പുകൾ എന്നിവ ഈ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് കണ്ടെത്താൻ കഴിയും.

കൂടുതൽ സവിശേഷതകൾ ഉൾപ്പെടുത്തിയുള്ള Granpel 2.0- സോഫ്റ്റ്‌വെയർ നിർമ്മിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

കുട്ടികൾക്ക് ചതിക്കുഴികളെക്കുറിച്ച് അറിവ് നൽകുന്നതിനും, സുരക്ഷിതമായ ഓൺലൈൻ വിനിയോഗം ഉറപ്പുവരുത്തുന്നതിനുമായി താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1) 'ചിരി ഹെൽപ്പ് ലൈൻ' (9497900200): ഈ നമ്പരിലേക്ക് വരുന്ന ഫോൺ കോളുകൾ കൗൺസിലർമാർക്കും സൈക്കോളജിസ്റ്റുകൾക്കും അയച്ചു കൊടുത്ത് അവരുടെ സേവനം കുടുംബത്തിന് ലഭ്യമാക്കുന്നു.

2) Internet addiction, Game addiction തുടങ്ങിയവ സംബന്ധിച്ച് ബോധവൽക്കരണം, സ്റ്റേഷൻ അടിസ്ഥാനത്തിലും ജില്ലാ Children & Police(CAP) കോ-ഓർഡിനേഷൻ സെന്ററുകൾ മുഖാന്തിരവും നടത്തിവരുന്നു.

3) സൈബർ ഡോമിന്റെ നേതൃത്വത്തിൽ ദേശീയ-അന്തർദേശീയ തലത്തിൽ പ്രവർത്തിക്കുന്ന സംഘടനകളുമായി ചേർന്ന് കിഡ് ഗ്ലോവ്, കൂട്ട് എന്നീ പദ്ധതികൾ സ്കൂൾ തലത്തിൽ നടപ്പാക്കിവരുന്നു. ഇതിനു പുറമെ, സൈബർ സെക്യൂരിറ്റി ക്ലബ്ബുകൾ രൂപീകരിച്ച് ഓൺലൈൻ കുറ്റകൃത്യങ്ങൾക്കെതിരെയുള്ള അവബോധം നൽകുന്നു.

4) വിദഗ്ധരുടെ ഒരു ടീമിനെ ഉപയോഗപ്പെടുത്തി D-SAFE (Digital Safety) എന്ന പുസ്തകം സോഷ്യൽ പോലീസിംഗ് ഡയറക്ടറേറ്റ് തയ്യാറാക്കി രക്ഷിതാക്കൾക്ക് ബോധവൽക്കരണം നൽകുന്നു. സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ സഹായത്തോടെ ഇത് 50000 പേരിലേക്ക് വ്യാപിപ്പിക്കും.

5) വനിത-ശിശു വികസന വകുപ്പ് കുട്ടികളിലെ പഠന-മാനസികാരോഗ്യ വെല്ലുവിളികൾ പരിഹരിക്കുന്നതിനും ജീവിത നൈപുണികൾ വികസിപ്പിക്കുന്നതിനുമായി Our Responsibility to Children (ORC) നടപ്പാക്കി വരുന്നു. ഇതിനായി ജില്ലാതലത്തിൽ റിസോഴ്സ് സെന്ററുകളും പ്രവർത്തിക്കുന്നു.

| | | | |
|---|---|---|---|
| | | | 6) സ്കൂളുകളിൽ അധ്യാപക-രക്ഷകർത്തൃസമിതി ഈ രംഗത്ത് പ്രത്യേക കരുതലോടെ പ്രവർത്തിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട് |
| (ബി) | സൈബർ പട്രോളിംഗ് യാഥാർത്ഥ്യമാക്കുന്നതിനും സൈബർ സുരക്ഷയും സൈബർ കുറ്റകൃത്യങ്ങളും സംബന്ധിച്ച മേഖലകളിലെ ഗവേഷണത്തിനും സൈബർ രംഗത്തെ സാങ്കേതികവിദ്യാ വികസനത്തിനും സൈബർ ഇൻവെസ്റ്റിഗേഷൻ ആൻഡ് റിസർച്ച് ഡിവിഷൻ സ്ഥാപിക്കാൻ തീരുമാനമാനിച്ചിട്ടുണ്ടോ; | (ബി) | സൈബർ ഇൻവെസ്റ്റിഗേഷൻ ആന്റ് റിസർച്ച് ഡിവിഷൻ (CIRD), സൈബർ ഓപ്പറേഷൻസ് വിംഗ് (COW) എന്നിവ രൂപീകരിക്കുന്നതിനുള്ള സംസ്ഥാന പോലീസ് മേധാവിയുടെ ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | ഓൺലൈൻ റമ്മി ഉൾപ്പെടെയുള്ള ഗെയിമുകൾ കുട്ടികളെ പഠനത്തിൽ പിന്നാക്കം കൊണ്ടുപോകുന്നതും ആത്മഹത്യയിലേക്ക് നയിക്കുന്നതുമായ സംഭവങ്ങൾ ആവർത്തിക്കുന്നതിനാൽ ഓൺലൈൻ ഗെയിമുകൾക്ക് തടയിടാൻ നടപടിയെടുക്കുമോ; വിശദമാക്കുമോ? | (സി) | റമ്മി പോലുള്ള ചൂതാട്ടകളികളിൽ കുട്ടികൾ ഉൾപ്പെടെയുള്ള ധാരാളം പേർ അടിമകളാകുന്ന സാഹചര്യം കണക്കിലെടുത്ത് ഓൺലൈൻ റമ്മി നിരോധിച്ചു കൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. എന്നാൽ ബഹു. കേരള ഹൈക്കോടതിയുടെ 27.09.2021 തീയതിയിലെ ഉത്തരവ് പ്രകാരം ഓൺലൈൻ റമ്മി നിയമ വിധേയമാക്കുകയും തുടർന്ന് സർക്കാർ വിജ്ഞാപനം റദ്ദാക്കുകയും ചെയ്തു.<br><br>ബഹു: ഹൈക്കോടതിയുടെ അന്തിമവിധിക്ക് വിധേയമായി റമ്മി ഉൾപ്പെടെയുള്ള ഓൺലൈൻ ഗെയിമുകൾ ശക്തമായി നിയന്ത്രിക്കുന്നതിനുള്ള, പഴുതടച്ചതും ഫലപ്രദവുമായ നിയമഭേദഗതി സർക്കാരിന്റെ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ